ബധിര–മൂക വിദ്യാലയത്തിന്റെ പണി.

* 920. [10] ശ്രീ. കെ. അനിരുദ്ധൻ : † താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത് കരമനയിൽ സ്ഥാപിക്കുവാനുദ്ദേശിക്കുന്ന ബധിര–മൂക വിദ്യാലയത്തിന്റെ പണി എപ്പോഴാണ് ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുള്ളത് ;

(ബി) കരമനയിലെവിടെയാണ് പ്രസ്തുത സ്ഥാപനം സ്ഥാപിക്കുവാൻ പോകുന്നത് ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) 1964–65–ൽ ആരംഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ബി) കരമന പാലത്തിനു കിഴക്ക് നേമം വില്ലേജിൽ സ്ഥാപിക്കുവാനാണ് പോകുന്നത്.

ശ്രീ. ഈ. പി. ഗോപാലൻ : ഇപ്പോൾ നമ്മുടെ സംസ്ഥാനത്ത് ബധിര മൂക വിദ്യാലയങ്ങൾ എത്രയെണ്ണമുണ്ട് ? അവയുടെ പ്രവർത്തനത്തിൽനിന്ന് ഇതുവരെ കിട്ടിയിട്ടുള്ള അനുഭവമെന്താണ് ? അത് ഫലപ്രദമായിട്ടാണോ നടക്കുന്നത് ? അതോ മിക്കവാറും പരിതാപകരമായ നിലയിലാണോ നടക്കുന്നത് ? ഇപ്പോൾ വല്ല ഇംപ്രൂവ്മെന്റും ആവശ്യമാണോ എന്നുള്ള കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ആർ. ശങ്കർ : നടക്കുന്ന വിദ്യാലയങ്ങളുടെ എണ്ണം കൃത്യമായി ഇപ്പോൾ പറയുവാൻ സാധിക്കുകയില്ല. നടക്കുന്ന വിദ്യാലയങ്ങൾ സാമാന്യം ഭേദമായ രീതിയിൽ ആവശ്യമായ ഉപകരണങ്ങളോടുകൂടി നടക്കുന്നുണ്ട്. എങ്കിലും ഇനിയും വളരെയേറെ നന്നാക്കാൻ സാദ്ധ്യതയുണ്ടെന്നുള്ള കാര്യം ഗവണ്മെന്റിനറിയാം. ആ കാര്യത്തിൽ ഗവണ്മെന്റ് ശ്രദ്ധിക്കുന്നുണ്ട്.

ശ്രീ. എം. നാരായണക്കുറുപ്പ് : ഗവണ്മെന്റ് നടത്തുന്ന ഇത്തരം വിദ്യാലയങ്ങളിലെല്ലാം കുട്ടികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ, അവിടെയുള്ള ഉദ്യോഗസ്ഥന്മാരുടെ എണ്ണം ഇതെല്ലാം ഒരുപോലെയാണോ ? അവിടെയുള്ള വിദ്യാലയങ്ങളിൽ ലഭിക്കുന്ന സൗകര്യങ്ങളെല്ലാം കന്നംകുളത്തുള്ള വിദ്യാലയത്തിൽ ലഭിക്കുന്നില്ലെന്ന് പരാതിയുണ്ടായിട്ടുണ്ട്. അതേപ്പറ്റി ഗവണ്മെന്റ് അന്വേഷിച്ച് വേണ്ട നടപടി സ്വീകരിക്കുമോ ?

ശ്രീ. ആർ. ശങ്കർ : അവിടവിടെയുള്ള കുട്ടികളുടെ എണ്ണത്തെ ആശ്രയിച്ചാണ് സ്റ്റാഫിനെ നിശ്ചയിക്കുന്നത്. കന്നംകുളത്തുള്ള സ്ഥാപനം പ്രൈവറ്റ് ഏജൻസി നടത്തുന്നതാണോ, ഗവണ്മെന്റ് നടത്തുന്നതാണോ എന്നറിയാൻ പാടില്ല. ഗവണ്മെന്റ് സ്ഥാപനമാണെങ്കിൽ പ്രത്യേക പരിഗണന ഉണ്ടാകും.

ശ്രീ. എം. നാരായണക്കുറുപ്പ് : അവിടെ പ്രത്യേകിച്ചും രാത്രികാലങ്ങളിൽ കുട്ടികളെ സംരക്ഷിക്കുന്നതിനു ആരുമില്ല എന്നുള്ളതിനെപ്പറ്റി പരാതിയുണ്ടായിട്ടുണ്ട്. അതുകൊണ്ട് ആ കാര്യം ഒന്നു പരിശോധിച്ച് വേണ്ടതു ചെയ്യുമോ ?

ശ്രീ. ആർ. ശങ്കർ : അതേപ്പറ്റി അന്വേഷിക്കാം.

ശ്രീ ഓ. കോരൻ : ബധിരമൂക വിദ്യാലയങ്ങളുടെ നടത്തിപ്പിനെ അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനു എഡ്യുക്കേഷൻ ഡയറക്ടറുടെ കീഴിലായി ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുണ്ടായിരുന്നു. ആ കമ്മിറ്റിയുടെ റിപ്പോർട്ട് ഗവണ്മെന്റിനു കിട്ടിയിട്ടുണ്ടോ ? ഉണ്ടെങ്കിൽ അതിന്റെ പ്രവർത്തനം കാര്യക്ഷമമായി നടത്തുന്നതിനു ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. ആർ. ശങ്കർ : പ്രത്യേകമായി ചോദിച്ചാൽ പറയാം.

---

† Put by Shri N. E. Balaram.

LIBRARY ARCHIVES Kerala Legislative Assembly